(സി) ഇതിനായി 2008-09 സാമ്പത്തിക വർഷത്തിൽ 5,11,41,526-രൂപയും, 2009-10 സാമ്പത്തിക വർഷത്തിൽ 8,36,55,564-രൂപയും ചെലവഴിച്ചു. ഈ വർഷം (2010-11) ഇതിനായി വകയിരുത്തിയ 13 കോടി രൂപ പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇതുമൂലം കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തിവരുന്നു.

മദ്രസ അദ്ധ്യാപക ക്ഷേമനിധി

186 (1656) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രസ്സാ അദ്ധ്യാപകർക്കായുള്ള ക്ഷേമനിധിയിൽ നാളിതുവരെ എത്ര അദ്ധ്യാപകർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) എത്ര രൂപയാണ് പെൻഷനായി അനുവദിക്കുന്നത് ;

(സി) പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ഡി) മുഴുവൻ മദ്രസ്സാ അദ്ധ്യാപകരെയും പെൻഷൻ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 791 മദ്രസ അദ്ധ്യാപകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	രജിസ്റ്റർ ചെയ്ത അപേക്ഷകളുടെ എണ്ണം	അംഗത്വം നൽകിയത്
(1)	(2)	(3)
തിരുവനന്തപുരം	144	106
കൊല്ലം	88	52
പത്തനംതിട്ട	3	3
ആലപ്പുഴ	23	17
കോട്ടയം	1	0
ഇടുക്കി	21	11
എറണാകുളം	59	26
തൃശ്ശൂർ	12	5
പാലക്കാട്	31	23

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
മലപ്പുറം	238	129
കോഴിക്കോട്	116	67
വയനാട്	31	2
കണ്ണൂർ	13	10
കാസർഗോഡ്	11	6
ആകെ	791	457

(ബി & സി) അഞ്ച് വർഷത്തിൽ കുറയാത്തകാലം നിധിയിൽ നിക്ഷേപം അടച്ച് അംഗത്വം നിലനിർത്തിയ അംഗത്തിന് 65 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ലഭിക്കുന്ന പ്രതിമാസ പെൻഷന്റെ നിരക്ക് അനുബന്ധമായി* ചേർത്തിട്ടുണ്ട്. 20 വർഷത്തിൽ കുറയാത്ത കാലം നിക്ഷേപമടച്ച് അംഗത്വം നിലനിർത്തിവരുന്ന ഒരംഗം മദ്രസ്സ അദ്ധ്യാപക പ്രവൃത്തിയിൽ നിന്ന് സ്വയം വിരമിക്കുന്നപക്ഷം പ്രസ്തുത അംഗത്തിന് മിനിമം പെൻഷൻ തുകയായ 500 രൂപ ലഭിക്കുന്നതാണ്. മേൽപ്പറഞ്ഞ പ്രകാരം പെൻഷന് അർഹതയുള്ള ഒരംഗത്തിന് പെൻഷന് പകരം അംശദായം തിരിച്ചു നൽകൽ ആനുകൂല്യമായി ചേർത്തിരിക്കുന്ന പട്ടികയിലെ 6-ാം കോളത്തിൽ കാണിച്ച നിരക്കിലുള്ള തുക ലഭിക്കുന്നതാണ്.

(ഡി) 20 വയസ് പൂർത്തിയായതും 60 വയസ്സ് പൂർത്തിയാകാത്തതുമായ കേരളത്തിലെ മുഴുവൻ മദ്രസ അദ്ധ്യാപകർക്കും ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതാണ്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിലേക്കുള്ള വിഹിതമടയ്ക്കാനും അംഗത്വത്തിനുള്ള അപേക്ഷ ശിപാർശ ചെയ്യാനും വിസമ്മതിക്കുന്ന മദ്രസ്സകളിലെ അദ്ധ്യാപകർ തൊഴിലുടമയുടേതടക്കമുള്ള പ്രതിമാസ വിഹിതം വീഴ്ച കൂടാതെ നിക്ഷേപിക്കുന്നതാണെന്നുള്ള പ്രത്യേക സത്യപ്രസ്താവന നൽകുന്നപക്ഷം അതിന്റെ അടിസ്ഥാനത്തിൽ അവർക്കും മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതാണ്.

മദ്രസ്സ അധ്യാപകരുടെ ക്ഷേമനിധിയുടെ ഘടന

187 (1657) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രസ്സാ അദ്ധ്യാപകരുടെ ക്ഷേമനിധിയുടെ ഘടന വ്യക്തമാക്കുമോ ;

(ബി) ക്ഷേമനിധിയിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ക്ഷേമനിധിയിലെ അംശദായ ഇനത്തിൽ എത്ര തുക ലഭിച്ചുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly